**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 12** **05-12-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ വികസനവും പുരോഗതിയും ലക്ഷ്യമിട്ട് നടത്തിയ വിദേശയാത്ര**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. കെ. ജെ. മാക്സി,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ. കെ.വി.സുമേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ വികസനത്തിനും പുരോഗതിക്കും പുതിയ നിക്ഷേപങ്ങളും പുത്തൻ ആശയങ്ങളും ലക്ഷ്യമിട്ട് കേരള മുഖ്യമന്ത്രി നടത്തിയ വിദേശയാത്രയെ സംബന്ധിച്ച് ഒരു വിഭാഗം നടത്തിയ ദുരുപദിഷ്ടമായ പ്രചരണങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | വിദേശ രാജ്യങ്ങളിലെ വികസന മാതൃക കേരളത്തിൽ പ്രാവർത്തികമാക്കാനും, വിദേശ നിക്ഷേപം സംസ്ഥാനത്ത് എത്തിക്കാനും സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയിൽ വിവിധ തലങ്ങളിൽ പുരോഗതി കൈവരിക്കുന്നതിനായുള്ള രൂപരേഖ തയ്യാറാക്കുന്നതിനുമായാണ് മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം വിദേശയാത്ര നടത്തിയത്. |
| (ബി) | കേരളത്തിന്റെ ഔദ്യോഗിക സംഘം യൂറോപ്യൻ രാജ്യങ്ങൾ സന്ദർശിച്ചതിന്റെ ഭാഗമായി സംസ്ഥാനത്ത് നടപ്പാക്കാൻ കഴിയുമെന്ന് സർക്കാർ വിലയിരുത്തിയ വികസനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | മുഖ്യമന്ത്രിയും സംഘവും ഫിൻലാന്റ്, നോർവെ, യു.കെ എന്നീ രാജ്യങ്ങളാണ് സന്ദർശിച്ചത്. ആയത്<br><br>പ്രകാരം ചുവടെപ്പറയുന്ന കാര്യങ്ങൾ സംസ്ഥാനത്ത് പ്രസ്തുത രാജ്യങ്ങളുമായി സഹകരിച്ച് സംസ്ഥാനത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.<br><br>1.ഫിൻലാൻഡ് വിദ്യാഭ്യാസ മന്ത്രിയുമായും ഫിൻലാൻഡ് GINTL Education നുമായും ചർച്ച നടത്തുകയുണ്ടായി. ആയതിന്മേൽ വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്ന് കേരളത്തിലെ വിദ്യാഭ്യാസ വിദഗ്ധരുമായി ചേർന്ന് ഒരു ആക്ഷൻ പ്ലാൻ രൂപീകരിക്കുവാനും ഫിൻലാൻഡ് സന്ദർശനം നടത്താനും തീരുമാനിച്ചിട്ടുണ്ട്.<br><br>2. ഫിൻലാന്റിലെ സർവ്വീസ് ഡെലിവറി, വയോജനപരിപാലനം, പെൻഷൻ എന്നിവ പഠിക്കുന്നതിന് തീരുമാനിച്ചു.<br><br>3. ഫിൻലാന്റിലെ സാമ്പത്തികകാര്യ തൊഴിൽ മന്ത്രാലയവുമായും അവിടുത്തെ വിവിധ സ്ഥാപന പ്രതിനിധികളുമായും ചർച്ച നടത്തുകയുണ്ടായി. ആയത് പ്രകാരം അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 10,000 നഴ്സുമാരെ അവിടെ ആവശ്യമുണ്ടെന്നും, |

കേരള സർക്കാർ,Business Finland,ODEPEC,NORKA roots എന്നിവ ഇതിനായി യോജിച്ച് പ്രവർത്തിക്കാമെന്ന് അവർ അറിയിച്ചു. ഇതിനായി ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുകയാണ്.

4. നോർവേയിലെ Deep sea fishing vessel മാതൃകയിൽ Artificial Intelligence സംവിധാനമുള്ള Deep sea fishing boat വാങ്ങുന്നതിനായി കേന്ദ്ര സഹായം ലഭിക്കുമോയെന്ന കാര്യം പരിശോധിക്കാനും, കൂടാതെ KIIFBവഴി സഹായം ലഭ്യമാക്കാനും, ഇതിനായി മത്സ്യതൊഴിലാളികൾക്ക് പരിശീലനം നൽകുന്ന കാര്യം തീരുമാനിച്ചിട്ടുണ്ട്.

5. നോർവേ മാതൃകയിൽ sea food innovative cluster തുടങ്ങുന്ന വിഷയം സർക്കാരിന്റെ ചർച്ചയിലാണ്. Norwegian Geotechnical Institute മായി സഹകരിച്ച് ദുരന്തനിവാരണം, തീരശോഷണ നിയന്ത്രണം,വയനാട് ടണൽ പ്രോജക്ട് എന്നിവയിന്മേൽ സഹായം ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇവരുമായി സഹകരിച്ച് ഒരു മികവിന്റെ കേന്ദ്രം ആരംഭിക്കുന്നകാര്യം പരിഗണനയിലാണ്.

6. സംഘം 5 വാണിജ്യ വ്യവസായ രംഗങ്ങളിലെ 60 ഓളം വാണിജ്യ-വ്യവസായ രംഗത്തെ പ്രമുഖരുമായി ചർച്ച നടത്തി.

7. M/s Green State CEO കൊച്ചിയിൽ വന്ന് വിശദമായ ചർച്ച നടത്തി ഇന്ത്യയിലെ ആദ്യത്തെ Hydrogen based Aviation Fuel Unit, CIAL ബോർഡ് അംഗീകരിക്കുന്നമുറയ്ക്ക് നടപ്പിലാക്കാനാകും.

8. നോർവെയിലെ മാരിടൈം മോണിറ്ററിംഗ് ഗ്രൂപ്പുമായി ചർച്ച ചെയ്തത് പ്രകാരം മാരിടൈം സസ്റ്റൈനബിൾ ഹബ്ബിൽ വ്യവസായം, ഫിഷറീസ്, ടൂറിസം, തുറമുഖ വകുപ്പ് എന്നീ കൺസോർഷ്യം ആയിട്ട് തുടങ്ങാൻ ഉദ്ദേശിക്കുന്നു. ആയത് സംബന്ധിച്ച് സർക്കാർ തലത്തിൽ ചർച്ചകൾ നടന്നു വരുന്നതേയുള്ളൂ.

9. നോർവെയിലെ Orkla Groupമായി യോഗം ചേരുകയും, കേരളത്തിൽ 150 കോടി രൂപ നിക്ഷേപിക്കുമെന്ന് കമ്പനി അറിയിച്ചിട്ടുണ്ട്. അവരുടെ അത്യാധുനിക ഭക്ഷ്യ പരിശോധനയ്ക്ക് ലാബ് സർട്ടിഫിക്കറ്റിന് മാതൃക റിസർച്ച് സൗകര്യം എന്നിവ

| | | | |
|---|---|---|---|
| | | | ഇവിടെ സ്ഥാപിക്കുമെന്നും അവർ അറിയിച്ചിട്ടുണ്ട്. Farmers Producers Organisationനുകളുമായി അവർ സഹകരിക്കും<br><br>10.Norwegian Institute of Public Health സന്ദർശനവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം മെഡിക്കൽ കോളേജുമായി ധാരണാപത്രം ഒപ്പിടുന്നതിന് നടപടി സ്വീകരിച്ചു വരുന്നു<br><br>11. Bergen നിലെ കേരള Diaspora യുമായുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള റിസർച്ച് കോഴ്സിന് വികസിത രാജ്യങ്ങളിൽ റിസർച്ചിന് സൗകര്യം ഒരുക്കുന്നതിന് നടപടി സ്വികരിക്കുന്നതാണ്.<br><br>12. Welsh School of Architecture, University of Caroliff സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ അവർ കേരളത്തിൽ വന്ന് കോഴിക്കോട് ഉൾപ്പെടെയുള്ള പ്രധാന നഗരങ്ങൾക്ക് അവരുടെ സഹായം ഉപയോഗിക്കാമെന്ന് അറിയിച്ചു. കേരളത്തിലെ സർവ്വകലാശാലകളുമായി ഗവേഷണരംഗത്ത് അവർ സഹകരിക്കുമെന്ന് അറിയിച്ചു.<br><br>13. നോർവേയിലെ പെൻഷൻ സംവിധാനം പഠിക്കുന്നത് തീരുമാനിക്കുകയും, ഇതിന് പ്ലാനിംഗ് ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | കേരളത്തിന്റെ മാരിടൈം വ്യവസായം ശക്തിപ്പെടുത്താവുന്ന വിധത്തിൽ പ്രസ്തുത വിദേശ സന്ദർശനത്തിന്റെ ഭാഗമായി കണ്ടെത്തിയ പുതിയ സാധ്യതകൾ വിശദീകരിക്കാമോ; | (സി) | മുഖ്യമന്ത്രിയും സംഘവും ഫിൻലാന്റ്, നോർവെ, യു.കെ എന്നീ രാജ്യങ്ങളാണ് സന്ദർശിച്ചത്. ആയത് പ്രകാരം ചുവടെപ്പറയുന്ന കാര്യങ്ങൾ സംസ്ഥാനത്ത് പ്രസ്തുത രാജ്യങ്ങളുമായി സഹകരിച്ച് സംസ്ഥാനത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.<br><br>1.ഫിൻലാൻഡ് വിദ്യാഭ്യാസ മന്ത്രിയുമായും ഫിൻലാൻഡ് GINTL Education നുമായും ചർച്ച നടത്തുകയുണ്ടായി. ആയതിന്മേൽ വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്ന് കേരളത്തിലെ വിദ്യാഭ്യാസ വിദഗ്ധരുമായി ചേർന്ന് ഒരു ആക്ഷൻ പ്ലാൻ രൂപീകരിക്കുവാനും ഫിൻലാൻഡ് സന്ദർശനം നടത്താനും തീരുമാനിച്ചിട്ടുണ്ട്.<br><br>2. ഫിൻലാന്റിലെ സർവ്വീസ് ഡെലിവറി, വയോജനപരിപാലനം, പെൻഷൻ എന്നിവ പഠിക്കുന്നതിന് തീരുമാനിച്ചു.<br><br>3. ഫിൻലാന്റിലെ സാമ്പത്തികകാര്യ തൊഴിൽ മന്ത്രാലയവുമായും അവിടുത്തെ വിവിധ സ്ഥാപന പ്രതിനിധികളുമായും ചർച്ച നടത്തുകയുണ്ടായി. |

ആയത് പ്രകാരം അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 10,000 നഴ്സുമാരെ അവിടെ ആവശ്യമുണ്ടെന്നും, കേരള സർക്കാർ,Business Finland,ODEPEC,NORKA roots എന്നിവ ഇതിനായി യോജിച്ച് പ്രവർത്തിക്കാമെന്ന് അവർ അറിയിച്ചു. ഇതിനായി ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുകയാണ്.

4. നോർവേയിലെ Deep sea fishing vessel മാതൃകയിൽ Artificial Intelligence സംവിധാനമുള്ള Deep sea fishing boat വാങ്ങുന്നതിനായി കേന്ദ്ര സഹായം ലഭിക്കുമോയെന്ന കാര്യം പരിശോധിക്കാനും, കൂടാതെ KIIFBവഴി സഹായം ലഭ്യമാക്കാനും, ഇതിനായി മത്സ്യതൊഴിലാളികൾക്ക് പരിശീലനം നൽകുന്ന കാര്യം തീരുമാനിച്ചിട്ടുണ്ട്.

5. നോർവേ മാതൃകയിൽ sea food innovative cluster തുടങ്ങുന്ന വിഷയം സർക്കാരിന്റെ ചർച്ചയിലാണ്. Norwegian Geotechnical Institute മായി സഹകരിച്ച് ദുരന്തനിവാരണം, തീരശോഷണ നിയന്ത്രണം,വയനാട് ടണൽ പ്രോജക്ട് എന്നിവയിന്മേൽ സഹായം ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇവരുമായി സഹകരിച്ച് ഒരു മികവിന്റെ കേന്ദ്രം ആരംഭിക്കുന്നകാര്യം പരിഗണനയിലാണ്.

6. സംഘം 5 വാണിജ്യ വ്യവസായ രംഗങ്ങളിലെ 60 ഓളം വാണിജ്യ-വ്യവസായ രംഗത്തെ പ്രമുഖരുമായി ചർച്ച നടത്തി.

7. M/s Green State CEO കൊച്ചിയിൽ വന്ന് വിശദമായ ചർച്ച നടത്തി ഇന്ത്യയിലെ ആദ്യത്തെ Hydrogen based Aviation Fuel Unit, CIAL ബോർഡ് അംഗീകരിക്കുന്നമുറയ്ക്ക് നടപ്പിലാക്കാനാകും.

8. നോർവെയിലെ മാരിടൈം മോണിറ്ററിംഗ് ഗ്രൂപ്പുമായി ചർച്ച ചെയ്തത് പ്രകാരം മാരിടൈം സസ്റ്റൈനബിൾ ഹബ്ബിൽ വ്യവസായം, ഫിഷറീസ്, ടൂറിസം, ഉറമുഖ വകുപ്പ് എന്നീ കൺസോർഷ്യം ആയിട്ട് തുടങ്ങാൻ ഉദ്ദേശിക്കുന്നു. ആയത് സംബന്ധിച്ച് സർക്കാർ തലത്തിൽ ചർച്ചകൾ നടന്നു വരുന്നതേയുള്ളു.

9. നോർവെയിലെ Orkla Groupമായി യോഗം ചേരുകയും, കേരളത്തിൽ 150 കോടി രൂപ നിക്ഷേപിക്കുമെന്ന് കമ്പനി അറിയിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | അവരുടെ അത്യാധുനിക ഭക്ഷ്യ പരിശോധനയ്ക്ക് ലാബ് സർട്ടിഫിക്കറ്റിന് മാതൃക റിസർച്ച് സൗകര്യം എന്നിവ ഇവിടെ സ്ഥാപിക്കുമെന്നും അവർ അറിയിച്ചിട്ടുണ്ട്. Farmers Producers Organisationനുകളുമായി അവർ സഹകരിക്കും<br><br>10.Norwegian Institute of Public Health സന്ദർശനവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം മെഡിക്കൽ കോളേജുമായി ധാരണാപത്രം ഒപ്പിടുന്നതിന് നടപടി സ്വീകരിച്ച വരുന്നു<br><br>11. Bergen നിലെ കേരള Diaspora യുമായുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള റിസർച്ച് കോഴ്സിന് വികസിത രാജ്യങ്ങളിൽ റിസർച്ചിന് സൗകര്യം ഒരുക്കുന്നതിന് നടപടി സ്വികരിക്കുന്നതാണ്.<br><br>12. Welsh School of Architecture, University of Caroliff സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ അവർ കേരളത്തിൽ വന്ന് കോഴിക്കോട് ഉൾപ്പെടെയുള്ള പ്രധാന നഗരങ്ങൾക്ക് അവരുടെ സഹായം ഉപയോഗിക്കാമെന്ന് അറിയിച്ചു. കേരളത്തിലെ സർവ്വകലാശാലകളുമായി ഗവേഷണരംഗത്ത് അവർ സഹകരിക്കുമെന്ന് അറിയിച്ചു.<br><br>13. നോർവേയിലെ പെൻഷൻ സംവിധാനം പഠിക്കുന്നത് തീരുമാനിക്കുകയും, ഇതിന് പ്ലാനിംഗ് ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | പ്രളയാനന്തരം മുഖ്യമന്ത്രി നടത്തിയ വിദേശ സന്ദർശനത്തെ തുടർന്ന് റൂം ഫോർ റിവർ (നദിക്ക് ഒഴുകാൻ ഇടം) എന്ന ആശയം എത്രത്തോളം പ്രാവർത്തികമായി എന്ന് വെളിപ്പെടുത്താമോ? | (ഡി) | "റൂംഫോർ റിവർ പദ്ധതി പമ്പ, അച്ചൻകോവിൽ നദികളുടെ നവീകരണം, തോട്ടപള്ളി സ്പിൽവേ, ലീഡിംഗ് ചാനൽ, ബൈപാസ്സ് കനാലുകളുടെ നവീകരണം, നദിയുടെ വീതിയും ആഴവും വർദ്ധിപ്പിക്കൽ, ഫ്ളഡ് റെഗുലേറ്ററുകളുടെ നിർമ്മാണം, പുലിമുട്ട് നിർമ്മാണം, ഹൈഡ്രോ ഡൈനാമിക് പഠനം, എ.സി കനാൽ രണ്ടും മൂന്നും റീച്ചുകളുടെ നിർമ്മാണം എന്നിവ ഉൾപ്പെടുന്ന സമഗ്ര പദ്ധതി റൂം ഫോർ റിവർ പദ്ധതിയുടെ ഭാഗമായി റീബിൽഡ് കേരള ഇനിഷിയേറ്റീവ് (RKI) സ്കീമിലുൾപ്പെടുത്തി നടപ്പിലാക്കുന്നതാണ്. ഇതിനായി 500 കോടി രൂപ ചിലവ് പ്രതീക്ഷിക്കുന്നു. ഹൈഡ്രോഡൈനാമിക് പഠനത്തിനും പ്രോജക്ട് തയ്യാറാക്കുന്നതിനുമായി 4.50 കോടി രൂപ RKI യിൽ വകയിരുത്തിയിട്ടുണ്ട്. ഹൈഡ്രോഡൈനാമിക് പഠനം നടത്തുന്നതിനായി ചെന്നൈ ഐ.ഐ.റ്റി-യെ ഏൽപ്പിക്കുകയും ആയത് പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമായിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| | | | രണ്ടു രീതികളിലായാണ് റൂം ഫോർ റിവർ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്<br><br>**1) ലഘുവായ പരിഹാരങ്ങളും (soft solution)**<br><br>**2) ദൃഢമായ പരിഹാരങ്ങളും (hard solution)**<br><br>നദികളിൽ വന്ന് ചേരുന്ന അരുവികളിൽ നിന്നും മാലിന്യങ്ങളും പോളകളും നീക്കം ചെയ്യൽ, നദിയോടു ചേർന്നു കിടക്കുന്ന പാടശേഖരങ്ങളുടെ പുറം ബണ്ടു ബലപ്പെടുത്തൽ എന്നീ പ്രവൃത്തികളാണ് ലഘുവായ പരിഹാരങ്ങൾ വിഭാവനം ചെയ്യുന്നത്.<br><br>റഗുലേറ്ററുകൾ പെർഫറേറ്റഡ് ചെക്ക് ഡാമുകൾ പോലുള്ള നിർമ്മിതികളുടെ നിർമ്മാണമാണ് ദൃഢമായ പരിഹാരങ്ങൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ